# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.08.2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 546**

## ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജോൺ ഫെർണാണ്ടസ്.** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിലെ 8/J2/2017 ഫയലിൽ ആവശ്യപ്പെട്ട റിപ്പോർട്ട് ഇൻകെൽ സമർപ്പിച്ചിട്ടുണ്ടോ ; | **(എ)** | ഉണ്ട്. 16.05.2017 ലെ കത്തിലൂടെ ഇൻകൽ മറുപടി നൽകിയിട്ടുണ്ട്. |
| **(ബി)** | എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | **(ബി)** | ഇതുസംബന്ധിച്ച് ഇൻകെൽ സമർപ്പിച്ച റിപ്പോർട്ട് (മറുപടി) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| **(സി)** | പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ട് KSIDC യുടെയും KINFRA യുടെയും അഭിപ്രായത്തിനായി നൽകിയിട്ടുണ്ടോ; | **(സി)** | ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി സംബന്ധിച്ച് ഇൻകെൽ തയ്യാറാക്കിയ റിപ്പോർട്ടിൻമേൽ സമഗ്രമായ ഒരു സാങ്കേതിക പരിശോധനയ്ക്കായി 04.05.2010 ലെ 16494/ജെ1/09/വ്യവ സർക്കാർ കത്ത് പ്രകാരം കേരള സംസ്ഥാന വികസന കോർപ്പറേഷനും (കെ എസ് ഐ ഡി സി) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനും (കിൻഫ്ര) നൽകിയിട്ടുണ്ട്. |
| **(ഡി)** | എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(ഡി)** | 2010 ൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് ഒരു സാങ്കേതിക പരിശോധന ആവശ്യമായതിനാൽ കെ എസ് ഐ ഡി സി യും കിൻഫ്രയും സംയുക്തമായി ഒരു വിദഗ്ധസമിതിയെക്കൊണ്ട് പഠനം നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

INKEL Limited
A Public Private Partnership Initiative

Regional Office: INKEL Bhavan, Vellayambalam Jn.,
Sasthamangalam P.O., Thiruvananthapuram-695 010 India
Ph: 0471 2723859, 2723846. Fax. 0471 2316171

No.INKEL/LA/2017/15

16.05.2017

അഡീഷണൽ ചീഫ് സെക്രട്ടറി
വ്യവസായ (ജെ) വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്
തിരുവനന്തപുരം.

സർ,

വിഷയം:- വ്യവസായവകുപ്പ് - ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം സംബന്ധിച്ച് -

സൂചന:- 28.03-2017 –ലെ 08/ജെ 2/2017/വ്യവ. നമ്പർ സർക്കാർ കത്ത്.

സൂചന കത്തിനോടൊപ്പം അയച്ചുതന്ന നിവേദനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള സർക്കാരിന്റെ 08.06.2009 ലെ 686/2009/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരവും തുടർന്ന്, കേരളാ വ്യവസായ വകുപ്പും ഇൻകെൽ ലിമിറ്റഡും തമ്മിൽ 14.09.2009 ൽ ഒപ്പ് വച്ച കരാറിന്റേയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും 08.03.2010 ൽ വ്യവസായ വകുപ്പിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാകുന്നു.

എന്ന്

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ